കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - പുളിങ്കുന്ന് ഗ്രാമപഞ്ചായത്ത് - വാട്ടർ ടാങ്ക് വിതരണം ചെയ്യൽ- അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്

സ.ഉ(സാധാ)നം. 608/2018/തസ്വഭവ — തിരുവനന്തപുരം,, തീയതി, 03.03.2018.

വായന :
1) പുളിങ്കുന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 10.01.2018 ലെ A3-5276/16 നമ്പർ കത്ത്
2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 06.02.2018 ലെ 4.22 നമ്പർ തീരുമാനം

## ഉത്തരവ്

കുട്ടനാട്ടിലെ പുളിങ്കുന്ന് പഞ്ചായത്തിൽ ശുദ്ധജല ലഭ്യത ഇല്ലാത്തതിനാൽ ടി ഗ്രാമപഞ്ചായത്തിലെ എല്ലാ ജനങ്ങൾക്കും ശുദ്ധജലം ലഭ്യമാക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട ഓരോ ഗുണഭോക്താവിൽ നിന്നും 500/-രൂപ ഗുണഭോക്തൃ വിഹിതമായി ഒരു ടാങ്കിന് 2000/-രൂപ വകയിരുത്തി തയ്യാറാക്കിയ പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും ടി പ്രൊജക്റ്റ് നടപ്പാക്കുന്നതിന് അനുമതി നൽകണമെന്നും വായന (1) പ്രകാരം പുളിങ്കുന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിക്കുകയുണ്ടായി.

2) ഇക്കാര്യം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി പരിശോധിച്ചു. കമ്മിറ്റിയുടെ വായന (2) ലെ തീരുമാന പ്രകാരം കുട്ടനാട്ടിലെ പുളിങ്കുന്ന് പഞ്ചായത്തിലെ എല്ലാ വാർഡിലുമുള്ള കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വിതരണം ചെയ്യാനുള്ള പ്രോജക്ടിന് പ്രത്യേക കേസായി പരിഗണിച്ച് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ .
പ്രസിഡന്റ്, പുളിങ്കുന്ന് ഗ്രാമ പഞ്ചായത്ത്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ